# STD - V

## അദ്ധ്യാപക സഹായി

## പാഠം - ഏഴ്   ശരീരം ദൈവത്തിന്റെ ആലയം   ഭാഗം - ഒന്ന്

### ലക്ഷ്യം

ദൈവസാന്നിധ്യത്താൽ വിശുദ്ധമായ നമ്മുടെ ശരീരം വിശുദ്ധിയോടെ കാത്തുസൂക്ഷിക്കണം. ഞാൻ വിശുദ്ധി ശീലമാക്കും. ദൈവത്തിന്റെ ആലയമായ എന്റെ ശരീരം ഞാൻ വിശുദ്ധിയിൽ കാത്തുസുക്ഷിക്കും.

### പഠനസഹായികൾ

* വി. മരിയ ഗൊരേത്തിയുടെ ജീവചരിത്രം വീഡിയോ/ചിത്രങ്ങൾ
* ദൈവം മനുഷ്യനെ സൃഷ്ടിക്കുന്ന വീഡിയോ/ചിത്രങ്ങൾ
* വചനം - 1 തെസലോ. 4:3-5 (ശരീര വിശുദ്ധി); 1 കോറി 3:16-17 (ശരീരം ദൈവത്തിന്റെ ആലയം); 1 കോറി. 6:19-20 (പരിശുദ്ധാത്മാവിന്റെ ആലയം)

### പാഠത്തിന്റെ ഉള്ളടക്കം

* വി. മരിയ ഗൊരേത്തിയുടെ ജീവചരിത്രം
* മനുഷ്യൻ - ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടു
* ദൈവസാന്നിധ്യത്താൽ മനുഷ്യശരീരം വിശുദ്ധമാണ്
* ദൈവം തന്റെ ജീവശ്വാസം നൽകി മനുഷ്യനെ സൃഷ്ടിച്ചു.
* നാം ശരീരത്തെ നിർമ്മലമായി കാത്തു സൂക്ഷിക്കണം
* മനുഷ്യൻ - സൃഷ്ടിയുടെ മകുടം
* സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമുള്ള കഴിവു നൽകി ദൈവം മനുഷ്യനെ സൃഷ്ടിച്ചു

### പ്രാർത്ഥന

ദൈവമേ, അങ്ങ് വസിക്കുന്ന ആലയമായ ഞങ്ങളുടെ ശരീരത്തെ വിശുദ്ധിയോടെ കാത്തുപരിപാലിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ, ആമ്മേൻ.

## ചോദ്യങ്ങൾ

1. മനുഷ്യനെ സൃഷ്ടിച്ചത് ആരാണ്?
2. എന്തിൽനിന്നാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്?
3. എങ്ങനെയാണ് ദൈവം മനുഷ്യന് ജീവൻ നൽകിയത്?
4. ഏത് വചനം വഴിയാണ് ദൈവം ഈ പ്രപഞ്ചവും അതിലെ സകലവസ്തുക്കളും സൃഷ്ടിച്ചത്?
5. സൃഷ്ടിയുടെ മകുടം ആരാണ്?

   ദൈവത്തിന്റെ ജീവശ്വാസം പകർന്ന് സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ഉള്ളിൽ ആരാണ് വസിക്കുന്നത്.?

# STD - V

## അദ്ധ്യാപക സഹായി

## പാഠം – ഏഴ് ശരീരം ദൈവത്തിന്റെ ആലയം ഭാഗം – രണ്ട്

### ലക്ഷ്യം

ദൈവദാനമായ ലൈംഗിക കഴിവുകളെ വിവേചന ബുദ്ധിയോടെ ദൈവഹിതമനുസരിച്ച് വിനിയോഗിച്ച് ലൈംഗിക വിശുദ്ധിയിൽ ജീവിക്കുക. ഞാൻ ലൈംഗിക വിശുദ്ധിയിൽ വളരും

### പഠനസഹായികൾ

* Good touch - Bad touch (youtube video)
* വചനം – 1 കോറി. 6:12–20 (പരിശുദ്ധാത്മാവിന്റെ ആലയം); 1 കോറി. 6:18 (വ്യഭിചാരം. സ്വന്തം ശരീരത്തിനെതിരായ പാപം)
* ലൈംഗിക വിശുദ്ധയിൽ വളരാൻ ചെയ്യേണ്ടവ – ചാർട്ട്
* CCC-2380, 2381 (വ്യഭിചാരം – വിവാഹത്തിന്റെ പവിത്രതയ്ക്ക് എതിരായ തെറ്റ്)

### പാഠത്തിന്റെ ഉള്ളടക്കം

* ലൈംഗികത – ദൈവദാനം
* മനുഷ്യൻ – സ്ത്രീയും പുരുഷനും
* ലൈംഗികത – വിശുദ്ധമായ പ്രവൃത്തി
* വിവാഹത്തിന് പുറമേയുള്ള ലൈംഗിക ബന്ധം പാപമാണ്
* വ്യഭിചാരം ചെയ്യരുത് – ആറാം ദൈവകല്പന
* ലൈംഗികബന്ധത്തിലൂടെ – പുതിയ തലമുറ
* ലൈംഗികവിശുദ്ധി പാലിക്കാൻ നിരന്തരം പ്രാർത്ഥിക്കുക

### പ്രാർത്ഥന

കാരുണ്യവനായ ദൈവമേ, അങ്ങേ ദാനമായ ലൈംഗിക കഴിവുകൾ വിശുദ്ധിയോടെ കൈകാര്യം ചെയ്യുവാൻ ആവശ്യമായ കൃപ ഞങ്ങൾക്കു നൽകണമേ, ആമ്മേൻ

## ചോദ്യങ്ങൾ

1. എന്താണ് ലൈംഗികത?
2. ലൈംഗിക വിശുദ്ധിയിൽ വളരാൻ നാം എന്തു ചെയ്യണം?
3. ആറാം പ്രമാണത്തിന് എതിരായ പാപമെന്ത്?
4. എന്തിനാണ് ദൈവം മനുഷ്യന് ലൈംഗികത നൽകിയിരിക്കുന്നത്? ലൈംഗികത വിശുദ്ധമായ പ്രവൃത്തിയാണ്, എങ്ങനെ?
5. ലൈംഗിക വിശുദ്ധിയിൽ വളരാൻ നമ്മൾ ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാം?